**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **21-06-2024 - ൽ മറുപടിയ്ക്ക്**

**നഗരാസൂത്രണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ വേഗതയേറിയ വികസന അന്തരീക്ഷത്തിൽ മികച്ച രീതിയിൽ ആസൂത്രണം ചെയ്ത നഗരങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിനായി 'മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 93 നഗരസഭകൾക്കുമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി വരികയാണ്. കേന്ദ്ര പദ്ധതിയായ അമൃത് 1.0 ന്റെ ഉപപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലിന് കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകൾക്കും മൂന്ന് നഗരസഭകൾക്കുമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 50,000-ൽ അധികം ജനസംഖ്യയുള്ള 49 പട്ടണങ്ങൾക്കായി അമൃത് 2.0 ന്റെ ഉപപദ്ധതിയായ 'ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലിൻ' കീഴിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്. ആധുനിക കാലത്തെ നഗരസാധ്യതകളെകുറിച്ച് പഠിച്ച് സംസ്ഥാനത്തിന്റെ ഭാവി സുസ്ഥിര നഗരവൽക്കരണത്തിലൂടെ സുരക്ഷിതമാക്കാൻ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ നഗരങ്ങളുടെ വികസനത്തിനും നിലവിലുള്ളവയിലെ സേവനങ്ങളുടെ ആധുനികീകരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2015-ൽ രൂപീകരിച്ച പുതിയ നഗരങ്ങളുടെ ആസൂത്രിത വികസനത്തിനായി 'മാസ്റ്റർപ്ലാനുകളും വിശദനഗരസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാൻ ആരംഭിച്ചതിൽ 6 മാസ്റ്റർപ്ലാനുകൾ അംഗീകരിക്കുകയും മൂന്ന് എണ്ണം പ്രസിദ്ധീകൃതമാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള നഗരങ്ങളിലെ സേവനങ്ങളുടെ ആധുനീകരണത്തിന് വേണ്ടി സങ്കേതം, IBPMS, K-SMART തുടങ്ങിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻസ് പ്രയോജനപ്പെടുത്തി വരുന്നുണ്ട്. കൂടാതെ കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |
| (സി) | നഗരങ്ങളിലെ ജനജീവിതം സുഗമമാക്കുന്നതോടൊപ്പം അവരുടെ വികസനത്തിന് സഹായകമാകും വിധം പദ്ധതികളും നയങ്ങളും ആവിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. തിരക്കേറിയ നഗരഹൃദയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സൗന്ദര്യ വൽക്കരിക്കുന്നതിനും ജനജീവിതം സുഗമമാക്കുന്നതിനും ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ തയ്യാറാക്കി വരികയാണ്. നിലവിൽ AMRUT Reforms incentive fund ഉപയോഗിച്ച് കൊല്ലം, കൊച്ചി, പാലക്കാട്, തൃശ്ശൂർ കോഴിക്കോട് എന്നീ അഞ്ചു നഗരങ്ങളിലും സംസ്ഥാന പദ്ധതിയുടെ കീഴിൽ ആലപ്പുഴ നഗരത്തിനായും ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്.<br><br>വൻനഗരങ്ങളുടെ ജീവിത പരിതസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹുജന പൊതു ഗതാഗത മാർഗ്ഗങ്ങളായ മെട്രോ റെയിൽ, ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം മുതലായവ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ജനങ്ങളെ ഇതിലേക്ക് ആകർഷിക്കാനും നഗരവികസനം transit corridor കളെ കേന്ദ്രീകരിച്ച് വികസിപ്പിക്കുന്നതിനും ഉതകുന്ന ഘടകങ്ങളെ വ്യക്തമാക്കി കൊണ്ടുള്ള 'Transit Oriented Development Policy' സംസ്ഥാനത്തിനായി രൂപീകരിച്ചിട്ടുണ്ട്.<br><br>റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ, Disaster Reduction and Climate Action Tracker (D-CAT) തുടങ്ങിയ നൂതനമായകാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പുതിയ സാധ്യതകൾ കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |
| (ഡി) | ഭാവിയെ മുൻകൂട്ടിക്കണ്ട് നഗരാസൂത്രണ പദ്ധതികൾ ക്രിയാത്മകമായും ത്വരിതഗതിയിലും നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ആവിഷ്കരിച്ചിട്ടുണ്ട്. കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ കീഴിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിൽ വിവിധ വികസന മേഖലകളെ സംബന്ധിക്കുന്ന പഠനങ്ങളുടെയും വികസനങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാറുണ്ട്. കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2021 ലെ ഭേദഗതിയിലൂടെ, ഒരു മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികളും പ്രോജക്ടുകളോടുമൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടുള്ള വികസന മുൻഗണനകളും കണക്കിലെടുത്ത് സ്ഥലപര വികസനം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമെന്ന് കരുതാവുന്ന ഹ്രസ്വ, ഇടത്തര, ദീർഘകാല മേഖലാ പരിപാടികളും പ്രോജക്ടുകളും പദ്ധതികളും നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഘട്ടങ്ങളും മുൻഗണനാ ക്രമങ്ങളും അടങ്ങുന്ന 'മുൻഗണനാ പ്രവർത്തന പ്ലാൻ'. ഇവയ്ക്കായുള്ള സാമ്പത്തിക ആവശ്യങ്ങളും വിഭവ സമാഹരണ നിർദ്ദേശങ്ങളും ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ നഗരാസൂത്രണ പദ്ധതികൾ ക്രിയാത്മകമായി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. ഇതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ മാസ്റ്റർപ്ലാനുകളിൽ ഉൾപ്പെടുത്തിവരുന്നു. ഭാവിയിൽ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെയും സർഗ്ഗാത്മക സമ്പദ് വ്യവസ്ഥയുടെയും സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട് സമാധാന നഗരം, ജൈവവൈവിധ്യ നഗരം, Cities of Peace, Biodiversity, Design, Learning, Literature and Folk arts and crafts എന്നീ വ്യത്യസ്ത സർഗ്ഗാത്മക മേഖലകളെ നഗരാസൂത്രണത്തിലൂടെയും നഗരഭരണത്തിലൂടെയും ശാക്തീകരിക്കാൻ ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ